**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3222** **04-08-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മെഡിക്കൽ കോളേജ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിക്കായി പി.എം.എസ്.എസ്.വൈ പദ്ധതിയിലുൾപ്പെടുത്തി സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണത്തിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിൽ സംസ്ഥാന സർക്കാർ വിഹിതം എത്ര രൂപയാണെന്ന് അറിയിക്കുമോ; ഏതൊക്കെ പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിക്കായി പി.എം.എസ്. എസ്. വൈ പദ്ധതിയിലുൾപ്പെടുത്തി സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണത്തിന്റെ ആകെ പദ്ധതി വിഹിതം 173.18 കോടി രൂപയാണ്. ഇതിൽ 120 കോടി കേന്ദ്ര വിഹിതവും 53.18 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. കെട്ടിട നിർമ്മാണവും ആശുപത്രിക്ക് ആവശ്യമായ ഉപകരണങ്ങൾ മറ്റ് അനുബന്ധ സൗകര്യങ്ങൾ സജ്ജമാക്കൽ എന്നീ പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | ഇതിന്റെ നിർമ്മാണ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (ബി) | ഇതിന്റെ നിർമ്മാണ ചുമതല M/s HLL Infra Tech Service Ltd.( M/s HITES)നാണ്. 97% നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിനായി വർക്ക് ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണം 2020 ഡിസംബറിൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ കോവിഡ് 19 സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണം പൂർത്തിയാക്കുവാൻ സാധിച്ചില്ല. വർക്ക് ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. |
| (ഡി) | സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്കിനെ മെയിൻ ബ്ലോക്കുമായും പുതുതായി നിർമ്മിക്കുന്ന ട്രോമാ കെയർ സെന്ററുമായും തമ്മിൽ ബന്ധിപ്പിക്കുന്നതിനും രോഗികളെ കൊണ്ടുപോകുന്നതിനുമായി ഒരു സംവിധാനം ഡിസൈനിൽ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന ട്രോമാകെയർ സെന്റർ 5 നിലകളിലായി നിർമ്മിക്കുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിലവിൽ 2 നിലകളുടെ നിർമ്മാണം പൂർത്തീകരിച്ച പ്രവർത്തി പഥത്തിൽ എത്തിക്കുവാനാണ് ശ്രമിക്കുന്നത്. പ്രസ്തുത ട്രോമ കെയർ സെന്ററിന്റെ നിർമ്മാണം പൂർത്തിയായതിനു ശേഷം മാത്രമേ ഇവയെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള ഫ്ലൈ ഓവർ സംവിധാനം ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഇ) | ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന ട്രോമാകെയർ സെന്റർ 5 നിലകളിലായി നിർമ്മിക്കുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിലവിൽ 2 നിലകളുടെ നിർമ്മാണം പൂർത്തീകരിച്ചു പ്രവർത്തി പഥത്തിൽ എത്തിക്കുവാനാണ് ശ്രമിക്കുന്നത്. പ്രസ്തുത ട്രോമ കെയർ സെന്ററിന്റെ നിർമ്മാണം പൂർത്തിയായതിനു ശേഷം മാത്രമേ ഇവയെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള ഫ്ലൈ ഒാവർ സംവിധാനം ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ